**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 2255 — 17.06.2014-ൽ മറുപടിയ്ക്ക്

## ആദിവാസികൾക്കിടയിലെ ആരോഗ്യ ബോധവൽക്കരണം

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ.ഡൊമനിക് പ്രസന്റേഷൻ**
**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) | പട്ടികവർഗ്ഗ മേഖലകളിൽ എസ്.റ്റി. പ്രൊമോട്ടർമാർ, ഹെൽത്ത് പ്രൊമോട്ടർമാർ, ആശാവർക്കർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ, അംഗൻവാടി വർക്കർ, ബാലവാടി, കിന്റർ ഗാർട്ടൻ, ഏകാദ്ധ്യാപക സ്കൂൾ ടീച്ചർമാർ, വർക്കർമാർ, വയനാട് ജില്ലയിൽ നിയമിച്ചിട്ടുള്ള കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പരിശീലനം സിദ്ധിച്ച ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർമാർ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പട്ടികവർഗ്ഗക്കാർക്കിടയിൽ ബോധവൽക്കരണ സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ചു വരുന്നു. |
| ബി) | ബോധവൽക്കരണത്തിനായി പ്രൊമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | ബി) | ഇല്ല. പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച്, പട്ടികവർഗ്ഗ ക്കാർക്കിടയിൽ ബോധവൽക്കരണ |

| | | | |
|---|---|---|---|
| | | | സെമിനാറുകളും, ക്ലാസ്സുകളും സംഘടിപ്പിക്കുന്നതിന് ആരോഗ്യ പ്രവർത്തകരെ എസ്.റ്റി/ഹെൽത്ത് പ്രൊമോട്ടർമാർ സഹായിക്കുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പരിശീലനം സിദ്ധിച്ച ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർമാരും പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സ്ത്രീകളുടെ ഗ്രൂപ്പുകൾ സംഘടിപ്പിച്ച് മദ്യത്തിനും മയക്കു മരുന്നിനുമെതിരെ പ്രചാരണ പ്രവർത്തനം നടത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗക്കാർക്ക് ശരിയായ ആരോഗ്യ പരിചരണത്തിനും ആശുപത്രികളിൽ മതിയായ സഹായം നൽകുന്നതിനും ഹെൽത്ത് പ്രൊമോട്ടർമാരും ഉണ്ട്. അതിനാൽ ബോധവൽക്കരണത്തിനായി പ്രത്യേകം പ്രൊമോട്ടർമാരെ നിയോഗിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| സി) | പ്രൊമോട്ടർമാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | സി) | പ്രൊമോട്ടർമാരുടെ കടമകളും ഉത്തരവാദിത്വങ്ങളും, പട്ടികവർഗ്ഗക്കാർക്കു വേണ്ടി സംസ്ഥാനത്തു നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ, ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ, ആരോഗ്യ പരിചരണ സേവനങ്ങളെക്കുറിച്ചും, വ്യക്തി ശുചിത്വം, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും, നല്ല ആരോഗ്യ ശീലങ്ങൾ മനസ്സിലാക്കി പ്രചരിപ്പിക്കുന്നതിനും മദ്യത്തിനും മയക്കു |

| | | | |
|---|---|---|---|
| | | | മരുന്നിനുമെതിരെ ബോധവൽക്കരണം നടത്തുന്നതിനും, സ്കൂൾ പ്രായത്തിലെ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനും, ത്രിതല പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങളും സേവന പരിചരണങ്ങളും പട്ടികവർഗ്ഗക്കാരിൽ എത്തിക്കുന്നതിനും, വ്യക്തിത്വ വികസനം, നേതൃപാടവം എന്നിവ കൈവരിക്കുന്നതിനും, 2006-ലെ വനാവകാശ നിയമം, വിവരാവകാശനിയമം, 1989-ലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ ആക്ടും നിയമവും, 1999-ലെ KST Act അടക്കം പട്ടികവർഗ്ഗക്കാരുടെ നിയമ പരിരക്ഷയുള്ള നിയമങ്ങളെക്കുറിച്ച് അവബോധം ഉണ്ടാകുന്നതിന് ഉതകുന്ന പരിശീലനം ഇവ എസ്.റ്റി പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാർക്ക് കില, ആരോഗ്യവകുപ്പ്, കിർത്താഡ്സ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവരുടെ സഹകരണത്തോടെ നൽകി വരുന്നു. |
| ഡി) | പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്ന രീതി വിശദമാക്കാമോ? | | ഓരോ വർഷവും വ്യാപകമായ പ്രചാരണം നൽകി അപേക്ഷ ക്ഷണിച്ച് കൂടിക്കാഴ്ച നടത്തി ഏറ്റവും യോഗ്യരായ അപേക്ഷകരെ തെരഞ്ഞെടുത്ത് താൽക്കാലികാടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ